# പതിനഞ്ചാം കേരള നിയമസഭ
## ഒന്നാം സമ്മേളനം
## ബഹു സ്പീക്കറുടെ റൂളിംഗ്

10-06-2021

### (9) വോട്ട് ഓൺ അക്കൗണ്ട് പാസ്സാക്കുന്നത് സംബന്ധിച്ച്

2021 ജൂൺ 10-ാംതീയതി ധനകാര്യം പരിഗണിക്കുന്നതിന് മുമ്പ്, 2021-2022 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സബ്ജക്ട് കമ്മിറ്റികൾ ജൂലൈ ആദ്യവാരത്തോടെ പൂർത്തീകരിച്ച് ജൂലൈ മദ്ധ്യത്തോടെ അവ പാസ്സാക്കാൻ കഴിയുമെന്നിരിക്കെ ഒക്ടോബർ വരെയുള്ള വോട്ട് ഓൺ അക്കൗണ്ട് ഇന്ന് പരിഗണിക്കേണ്ടതുണ്ടോ എന്നും സബ്ജക്ട് കമ്മിറ്റികളുടെ പ്രാധാന്യം കുറയ്ക്കുന്ന ഇത്തരം നടപടി സംബന്ധിച്ച് റൂളിംഗ് നൽകണമെന്ന് പ്രതിപക്ഷത്തെ ഒരംഗം ക്രമപ്രശ്നത്തിലൂടെ ഉന്നയിക്കുകയുണ്ടായി.

കോവിഡ് സാഹചര്യത്തിൽ ജൂലൈ 31-ന് മുൻപ് ബഡ്ജറ്റ് പാസ്സാക്കാൻ കഴിഞ്ഞില്ലെങ്കിൽ ആഗസ്റ്റ് മുതൽ ഭരണപരമായ കാര്യങ്ങളിൽ തടസ്സം നേരിടേണ്ടിവരുമെന്നതിനാലാണ് ഒക്ടോബർ മാസം വരെയുള്ള വോട്ട് ഓൺ അക്കൗണ്ട് കൊണ്ടുവന്നിരിക്കുന്നത്. സബ്ജക്ട് കമ്മിറ്റികളുടെ ചർച്ചയുടെ അടിസ്ഥാനത്തിൽ ജൂലൈ 31-ന് മുമ്പുതന്നെ ബഡ്ജറ്റ്

പാസ്സാക്കുന്നതായിരിക്കുമെന്ന് ധനകാര്യ വകുപ്പുമന്ത്രി വിശദീകരണം നൽകുകയുണ്ടായി.

ബഹുമാനപ്പെട്ട സ്പീക്കർ താഴെപ്പറയുന്ന റൂളിംഗ് നൽകി*.

സഭ മുമ്പാകെ വോട്ട് ഓൺ അക്കൗണ്ട് അവതരിപ്പിക്കുന്നത് ഭരണഘടനയുടെ അനുച്ഛേദം 206 പ്രകാരമാണ്. പതിനഞ്ചാം കേരള നിയമസഭയുടെ ഒന്നാം സമ്മേളനത്തിൽ 2021 ജൂൺ 4-നാണ് മൂന്ന് മാസത്തേയ്ക്കുള്ള (ആഗസ്റ്റ് മുതൽ ഒക്ടോബർ വരെ) വോട്ട് ഓൺ അക്കൗണ്ടിനായുള്ള സ്റ്റേറ്റ്മെന്റ് മേശപ്പുറത്തുവച്ചത്.

സബ്ജക്ട് കമ്മിറ്റികളുടെ സൂക്ഷ്മ പരിശോധന പൂർത്തിയാക്കി ജൂലൈ മാസത്തോടെ സമ്പൂർണ്ണ ബഡ്ജറ്റ് പാസ്സാക്കുന്നതിനുതകുന്ന രീതിയിലാണ് സമയപ്പട്ടിക തയ്യാറാക്കിയതെങ്കിലും കോവിഡ് ഭീഷണി നിലനിൽക്കുന്ന സാഹചര്യത്തിൽ സഭാസമ്മേളനം ചേരുന്നതിലെ അനിശ്ചിതത്വം കണക്കിലെടുത്ത് ഏതെങ്കിലും തരത്തിലുള്ള ഭരണഘടനാ പ്രതിസന്ധിയുണ്ടായാൽ തരണം ചെയ്യുന്നതിനുള്ള മുൻകരുതലായിട്ടാണ് ആഗസ്റ്റ് മുതൽ ഒക്ടോബർ വരെയുള്ള മൂന്ന് മാസത്തേയ്ക്ക് വോട്ട് ഓൺ അക്കൗണ്ട് പാസ്സാക്കുന്നത്. ഇതിൽ യാതൊരുവിധ ചട്ട വിരുദ്ധതയും അനൗചിത്യവും

കാണുന്നില്ല. പതിമൂന്നാം കേരള നിയമസഭയിലും പതിനാലാം കേരള നിയമസഭയിലും ആദ്യത്തെ ഏഴ് മാസ കാലയളവിലേയ്ക്കുള്ള സർക്കാർ ചെലവുകൾ നേരിടുന്നതിനായി രണ്ട് വോട്ട് ഓൺ അക്കൗണ്ടുകൾ പാസ്സാക്കിയിട്ടുള്ള കീഴ്വഴക്കം ഉണ്ടായിട്ടുണ്ടെന്ന കാര്യവും ഇത്തരുണത്തിൽ സഭയെ അറിയിക്കുന്നു. ആയതിനാൽ ക്രമപ്രശ്നം നിലനിൽക്കുന്നതല്ല.